എൻ.എസ്.എസ്. ബഡ്ജറ്റ് സമ്മേളനം 2023
(23.06.2023 വെള്ളി)

നായർ സർവീസ് സൊസൈറ്റിയുടെ 109-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം 23.6.2023-ന് പെരുന്ന എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ നടന്നു. പ്രസിഡന്റ് ഡോ. എം. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ 2023-24 വർഷത്തേക്കുള്ള 144 കോടി 25 ലക്ഷം രൂപാ വരവും അത്രയുംതന്നെ ചെലവും വകയിരുത്തിയ ബഡ്ജറ്റ് അവതരിപ്പിച്ചു.

പതിവുപോലെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് യോഗനടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനു ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു.

വ്യക്തികൾക്ക് നല്കിവരുന്ന ഭവനനിർമ്മാണം, വിദ്യാഭ്യാസം, വിവാഹം, ചികിത്സ എന്നിവയ്ക്കുള്ള ധനസഹായം, വിദ്യാർത്ഥികൾക്ക് നല്കിവരുന്ന സ്കോളർഷിപ്പുകൾ എന്നിവ ഈ വർഷത്തെ ബഡ്ജറ്റിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, കെട്ടിടങ്ങളുടെ നവീകരണം, അറ്റകുറ്റപ്പണികൾ, തോട്ടങ്ങളിലെ പുതിയ കൃഷികൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ പ്രത്യേക പ്രാധാന്യം നല്കിയിട്ടുമുണ്ട്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റ് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

സമുദായനീതിക്കും സാമൂഹികനീതിക്കും വേണ്ടിയുള്ള നിലപാടുകൾ എൻ.എസ്.എസ്സിന് എന്നുമുണ്ടാവും. സർക്കാരുകളുടെ തെറ്റായ നയങ്ങളെ എതിർക്കുക എന്നതും, നല്ല കാര്യങ്ങളോട് സഹകരിക്കുക എന്നതും എൻ.എസ്.എസ്സിന്റെ പൊതുനയമാണ്. ഗവണ്മെന്റുകളോട് ഇനിയും അതേനയം തുടരുകതന്നെ ചെയ്യും. എൻ.എസ്.എസ്സിന് രാഷ്ട്രീയമില്ല. എല്ലാ രാഷ്ട്രീയപാർട്ടികളോടും സമദൂരനിലപാട് ആയിരിക്കും സ്വീകരിക്കുക. ഒരു രാഷ്ട്രീയപാർട്ടിയുടെയും ആഭ്യന്തര പ്രശ്നങ്ങളിൽ എൻ.എസ്.എസ്. ഇടപെടില്ല, അതുപോലെതന്നെ രാഷ്ട്രീയപാർട്ടികൾ എൻ.എസ്.എസ്സിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ അനുവദിക്കുകയുമില്ല എന്നുള്ള എൻ.എസ്.എസ്സിന്റെ നിലപാട് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ ജനറൽ സെക്രട്ടറി വ്യക്തമാക്കി.

ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് ജി. സുകുമാരൻ നായർ (ചങ്ങനാശ്ശേരി), അഡ്വ. എൻ.വി. അയ്യപ്പൻ പിള്ള (കരുനാഗപ്പള്ളി), അഡ്വ. ചിതറ എസ്. രാധാകൃഷ്ണൻനായർ (ചടയമംഗലം), അഡ്വ. വി.എ. ബാബുരാജ് (നെടുമങ്ങാട്), ജി. തങ്കപ്പൻപിള്ള (കൊട്ടാരക്കര), പി.എൻ. സുകുമാരപ്പണിക്കർ (ചെങ്ങന്നൂർ), അഡ്വ. കെ. ശ്രീശകുമാർ (കുന്നത്തുനാട്), കെ.ബി. ഗണേഷ്കുമാർ (പത്തനാപുരം), ആർ. മോഹൻകുമാർ (തിരുവല്ല) എന്നിവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

ജനറൽ സെക്രട്ടറിസ്ഥാനത്തേക്ക് ജി. സുകുമാരൻനായരും ട്രഷറർ ആയി അഡ്വ. എൻ.വി. അയ്യപ്പൻപിള്ളയും വീണ്ടും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. എം. സംഗീത്കുമാർ (തിരുവനന്തപുരം) എൻ.എസ്.എസ്. വൈസ് പ്രസിഡന്റായും, അഡ്വ. പി. ഋഷികേശ് (തലപ്പിള്ളി) ഡയറക്ടർ ബോർഡിലേക്ക് അഡീഷണൽ എക്സ്പെർട്ട് മെമ്പറായും ഹരികുമാർ കോയിക്കൽ (ചങ്ങനാശ്ശേരി) എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായും തിരഞ്ഞെടുക്കപ്പെട്ടു.

എൻ.എസ്.എസ്. ഇലക്ഷൻ ഓഫീസർ അഡ്വ. അനിൽ ഡി. കർത്താ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചു.

ആകെയുള്ള 300 പ്രതിനിധികളിൽ 279 പേർ സമ്മേളനത്തിൽ പങ്കെടുത്തു.